## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3648** **20.06.2018 ൽ മറുപടിയ്ക്ക്**

**സാമൂഹ്യനീതി വകുപ്പിനു കീഴിൽ ജോലി ചെയ്യുന്നവർക്ക് ആനുകൂല്യങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കാരാട്ട് റസാഖ് | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യനീതി വകുപ്പിനു കീഴിൽ വിവിധ സ്ഥാപനങ്ങളിൽ പി.എസ്.സി./ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സർവ്വീസിൽ പ്രവേശിച്ച വാച്ച്മാൻ, വാച്ച് വുമൺ, ആയ, കുക്ക്, മേട്രൺ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന പല ആനുകൂല്യങ്ങളും നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | സർക്കാർ സർവ്വീസിൽ മഹാഭൂരിപക്ഷം ജീവനക്കാർക്കും ഒരു കലണ്ടർ വർഷത്തിൽ 20 മുതൽ 25 ദിവസം പൊതുഅവധിയും, 12 രണ്ടാം ശനി അവധിയും അടക്കം 35 ദിവസം വരെ അവധി ലഭിക്കുമ്പോൾ, അർഹതപ്പെട്ട പ്രസ്തുത അവധി ദിവസങ്ങളിലും പകലോ രാത്രിയോ ഭേദമില്ലാതെ ഈ വിഭാഗം ജീവനക്കാർ ജോലി ചെയ്യേണ്ടിവരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കേരളീയരുടെ ദേശീയ ഉത്സവമായ ഓണത്തിനും മതപരമായ മറ്റ് ആവശ്യങ്ങൾക്ക് അനുവദിച്ചിട്ടുള്ള അവധി ദിവസങ്ങളിലും ഇവർക്ക് ജോലി ചെയ്യേണ്ടിവരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത വിഭാഗം ജീവനക്കാർക്ക് മറ്റ് സർക്കാർ സർവ്വീസിലെ ജീവനക്കാർക്ക് ലഭിക്കുന്നതു പോലെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നവർക്ക് അതാത് സ്ഥാപന മേധാവികൾ നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള Compensatory off, Weekly off എന്നിവ ജീവനക്കാരുടെ ഡ്യൂട്ടി ക്രമപ്പെടുത്തി അനുവദിച്ച നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ.